**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1587** **19-01-2021 - ല്‍ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷപദവി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണന്‍ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില്‍ മുന്നണി സ്ഥാനാര്‍ത്ഥികളായി മത്സരിക്കുന്നവര്‍ ഏത് മുന്നണിയുടെ ഭാഗമാണെന്ന് വ്യക്തമാക്കുന്ന പ്രസ്താവന നാമനിര്‍ദ്ദേശ പത്രികയോടൊപ്പം നിര്‍ബന്ധമാക്കണമെന്ന് ഹൈക്കോടതി നിര്‍ദ്ദേശിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷപദവി തുടര്‍ച്ചയായി സംവരണം ചെയ്യുന്നത് ഒഴിവാക്കി പുനഃക്രമീകരണം ചെയ്യണമെന്ന് നിര്‍ദ്ദേശിച്ചിട്ടുണ്ടോ; | (ബി) | ത്രിതല പഞ്ചായത്തുകളിലെയും കോര്‍പ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും അദ്ധ്യക്ഷ സ്ഥാനം പട്ടിക വര്‍ഗ്ഗ സ്ത്രീ, പട്ടിക വര്‍ഗ്ഗം, പട്ടികജാതി സ്ത്രീ, പട്ടികജാതി, സ്ത്രീ എന്നീ വിഭാഗങ്ങള്‍ക്ക് സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്‍ 03.11.2020 ല്‍ പുറപ്പെടുവിച്ച ഉത്തരവുകള്‍ ആര്‍ട്ടിക്കിള്‍ 243- ഡി (4) ന്റെ മൂന്നാം ക്ലിപ്ത നിബന്ധന പ്രകാരമുള്ള ഭരണഘടനാ നിര്‍ദ്ദേശങ്ങള്‍ പാലിച്ചുകൊണ്ട് റീകാസ്റ്റ് ചെയ്യുന്നതിന് ഡബ്ല്യു പി സി 24044 /2020 തുടങ്ങിയ റിട്ട് പെറ്റീഷനുകളില്‍ 16.11.2020 ല്‍ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തില്‍ ഉത്തരവായിരുന്നു. എന്നാല്‍ പ്രസ്തുത വിധിക്കെതിരെ സംസ്ഥാന സര്‍ക്കാരും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനും ഡിവിഷന്‍ ബഞ്ച് മുമ്പാകെ അപ്പീലുകള്‍ ഫയല്‍ ചെയ്തിരുന്നു. പ്രസ്തുത കേസുകളില്‍ ഹൈക്കോടതിയുടെ സിംഗിള്‍ ബെഞ്ചിന്റെ 16.11.2020 ലെ വിധി റദ്ദ് ചെയ്തുകൊണ്ട് 14.12.2020 ല്‍ ഡിവിഷന്‍ ബഞ്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എങ്കില്‍,പ്രസ്തുത നിര്‍ദ്ദേശങ്ങള്‍ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളില്‍/ചട്ടങ്ങളില്‍ ഭേദഗതി കൊണ്ടുവരുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | പ്രസ്തുത നിര്‍ദ്ദേശങ്ങള്‍ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളില്‍/ചട്ടങ്ങളില്‍ ഭേദഗതി കൊണ്ടുവരുവാന്‍ ഇപ്പോള്‍ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ